കോഴിക്കോട് തലക്കളത്തൂർ പഞ്ചായത്തിലെ എടക്കര പ്രദേശത്തെ ഭരണപരമായ പ്രശ്നങ്ങൾ

8 [1418] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ തലക്കളത്തൂർ പഞ്ചായത്തിൽപ്പെട്ട എടക്കര പ്രദേശം ഭരണപരമായ കാര്യങ്ങൾക്ക് കൊയിലാണ്ടി താലൂക്കുമായി ബന്ധപ്പെടേണ്ടിവരുന്നുവെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൊയിലാണ്ടി താലൂക്കിൽനിന്നും വേറിട്ട് നിൽക്കുന്ന പ്രസ്തുത പ്രദേശം പഞ്ചായത്തുതല ഭരണ കാര്യങ്ങൾക്ക് കോഴിക്കോട് തൂലൂക്കിൽപ്പെട്ട തലക്കളത്തൂർ പഞ്ചായത്തിലും കോഴിക്കോട് താലൂക്കിലെ പേളന്നൂർ ബ്ലോക്ക് പഞ്ചായത്തിലും ആയതുകൊണ്ട് പൂർണ്ണമായി എല്ലാ ഭരണ നടപടികളും കോഴിക്കോട് താലൂക്കിൽ ഉൾപ്പെടുത്താനുള്ള ഉത്തരവ് പുറപ്പെടുവിക്കുമോ?

ഉത്തരം

(എ ആന്റ് ബി) കോഴിക്കോട് ജില്ലയിലെ തലക്കളത്തൂർ പഞ്ചായത്തിൽപ്പെട്ട എടക്കര പ്രദേശം കോഴിക്കോട് താലൂക്കിൽപ്പെട്ടതാണ്. ഭരണപരമായ കാര്യങ്ങൾക്ക് ഈ പ്രദേശത്തുകാർ കോഴിക്കോട് താലൂക്കിനെയാണ് സമീപിക്കേണ്ടത്. എന്നാൽ എടക്കര പ്രദേശം ബാലുശ്ശേരി അസംബ്ലി നിയോജകമണ്ഡലത്തിൽപ്പെട്ടതാകയാൽ തെരഞ്ഞെടുപ്പ് അനുബന്ധ കാര്യങ്ങൾക്ക് കൊയിലാണ്ടി താലൂക്കിനെയാണ് സമീപിക്കേണ്ടത്.

ഡെപ്യൂട്ടി കളക്ടർമാരുടെ ഒഴിവുകൾ

9 [1419] ശ്രീ. ബി. രാജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റവന്യൂ വകുപ്പിനുകീഴിൽ നേരിട്ടുള്ള നിയമനംവഴി നിയമിക്കേണ്ട ഡെപ്യൂട്ടി കളക്ടർമാരുടെ എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഡെപ്യൂട്ടി കളക്ടർമാരെ പി.എസ്.സി.വഴി എന്നാണ് ഏറ്റവും ഒടുവിൽ നിയമിച്ചത് എന്ന് വ്യക്തമാക്കാമോ;

(സി) ഇപ്രകാരം എത്രപേർക്ക് ഏറ്റവും ഒടുവിലത്തെ റിസ്റ്റിൽ നിന്നും നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) അനുപാതമനുസരിച്ച് നേരിട്ടുള്ള നിയമനംവഴി നിയമിക്കേണ്ട ഡെപ്യൂട്ടി കളക്ടർമാരുടെ മുഴുവൻ ഒഴിവുകളിലേക്കും നിയമനം നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly